കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധനസാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

തദ്ദേശസ്വയം ഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(കൈ) നം:284/2012/തസ്വഭവ തിരുവനന്തപുരം,തീയതി, 03/11/2012

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

പരാമർശം :- (1). സ.ഉ.(സാധാ) നമ്പർ 2873/2011/തസ്വഭവ,തീയതി, 06/12/2011

(2). സ.ഉ.(കൈ) നമ്പർ 93/2012/തസ്വഭവ,തീയതി, 31/03/2012

(3). എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടറുടെ 23/08/2012 ലെ 30314/E.G.S4/12/സി.ആർ.ഡി. നമ്പർ കത്ത്

ഉത്തരവ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികളിൽ സാധനസാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് പരാമർശം 1 പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി തയ്യാറാക്കിയ കരട് മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ച് പരാമർശം (2) പ്രകാരം അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു. ടി ഉത്തരവിൽ ചുവടെ ചേർക്കുന്ന ഭേദഗതികൾ കൂടി ഉൾക്കൊള്ളിക്കണമെന്ന് പരാമർശം (3) പ്രകാരം മിഷൻ ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

(1) ഒരു ബ്ലോക്കിന് കീഴിലുള്ള ഗ്രാമപഞ്ചായത്തുകൾ അവയുടെ പ്രൊക്യൂർമെന്റ് കമ്മിറ്റിയിലൂടെ സാധന സാമഗ്രികളുടെ വിലയും വിദഗ്ദ്ധ / അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ കൂലിയും നിർണ്ണയിക്കുന്നു. വിലയും കൂലിയും നിർണ്ണയിക്കുന്നതിന് പ്രൊക്യൂർമെന്റ് കമ്മിറ്റിയ്ക്ക് ആവശ്യമായ സഹായം പഞ്ചായത്തിൽ ഈ ആവശ്യത്തിനായി രൂപീകരിച്ചിട്ടുള്ള സബ് കമ്മിറ്റികൾ നൽകേണ്ടതാണ്. ഇപ്രകാരം ഒരോ പഞ്ചായത്തും നിർദ്ദേശിക്കുന്ന സാധന സാമഗ്രികളുടെ വിലയും വിദഗ്ദ്ധ / അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ കൂലിയും ബ്ലോക്ക് തലത്തിൽ അതിന് കീഴിലുള്ള എല്ലാ പഞ്ചായത്തുകൾക്കും ബാധകമായ പൊതുനിരക്ക് ക്രോഡീകരിച്ച് നിർണ്ണയിക്കേണ്ടതാണ്. ബ്ലോക്ക് തലത്തിലെ വില / കൂലി നിർണ്ണയം ഫലപ്രദമാക്കുന്നതിന് ബ്ലോക്ക് തലത്തിൽ ചുവടെ സൂചിപ്പിക്കുന്ന പ്രകാരമുള്ള ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(എ) ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് (ചെയർപേഴ്സൺ)

(ബി) ബ്ലോക്ക് പ്രോഗ്രാം ഓഫീസർ (കൺവീനർ)

(സി) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (അംഗം)

(ഡി) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ (തദ്ദേശ സ്വയം ഭരണ വകുപ്പ്) (അംഗം)

(ഇ) കൃഷി അസിസ്റ്റന്റ് ഡയറക്ടർ (അംഗം)

(എഫ്) ജോയിന്റ് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ (ആർ.ഇ) (അംഗം)

(ജി) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ (പി.ഡബ്ല്യൂ.ഡി ബിൽഡിംഗ്സ് / റോഡ്സ്) (അംഗം)

(എച്ച്) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ (മൈനർ / മേജർ ഇറിഗേഷൻ) (അംഗം)

(ഐ) താലൂക്ക് മണ്ണ് സംരക്ഷണ ഓഫീസർ (അംഗം)

(ജെ) താലൂക്ക് ഓഫീസർ (ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്) (അംഗം)

(കെ) താലൂക്ക് ഉപഭോക്തൃസംരക്ഷണ സമിതി പ്രതിനിധി (അംഗം)

പ്രസ്തുത കമ്മിറ്റി കൺവീനർ, പഞ്ചായത്ത് തിരിച്ചുള്ള സാധന സാമഗ്രികളുടെ വിലയും വിദഗ്ദ്ധ / അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ കൂലിയും കമ്മിറ്റിയുടെ പരിഗണനയ്ക്കും, വിശകലനത്തിനും അംഗീകാരത്തിനും സമർപ്പിക്കേണ്ടതാണ്. ബ്ലോക്ക്തല കമ്മിറ്റി വിവിധ പഞ്ചായത്തുകളുടെ നിരക്കുകളുടെ അപഗ്രഥനത്തിന്റെ ഫലമായി ബ്ലോക്ക്തല നിരക്കുകൾ അന്തിമമായി അംഗീകരിക്കേണ്ടതും ജില്ലാതല നിരക്കു നിർണ്ണയ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.

(2) ഗ്രാമപഞ്ചായത്ത് തലത്തിൽ സബ് കമ്മിറ്റി, പ്രൊക്യൂർമെന്റ് കമ്മിറ്റി എന്നിവ രൂപീകരിക്കുന്നതിന്റെ ഉത്തരവാദിത്വം ബ്ലോക്ക് പ്രോഗ്രാം ഓഫീസറിൽ നിക്ഷിപ്തമാണ്. പ്രസ്തുത കമ്മിറ്റികളിൽ ഉൾപ്പെടുത്തേണ്ട നോമിനേറ്റഡ് അംഗങ്ങളുടെ പട്ടിക അതത് പഞ്ചായത്ത് തയ്യാറാക്കി ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് സമർപ്പിക്കേണ്ടതുമാണ്. ഇപ്രകാരം പഞ്ചായത്തുകൾ സമർപ്പിക്കുന്ന പട്ടികയിലെ നോമിനേറ്റഡ് അംഗങ്ങളെ തിരഞ്ഞെടുത്തിട്ടുള്ളത് മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമാണെന്ന് ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ഉറപ്പാക്കേണ്ടതാണ്. പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ട ഗുണഭോക്താക്കളുടെ പ്രതിനിധികളെ കമ്മിറ്റിയിൽ പങ്കെടുക്കുന്നതിന് ക്ഷണിക്കുന്നതിനുള്ള ഉത്തരവാദിത്വം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് ആയിരിക്കുകയും പ്രസ്തുത വിവരം ബ്ലോക്ക് പ്രോഗ്രാം ഓഫീസർ സെക്രട്ടറിയെ അറിയിക്കേണ്ടതുമാണ്.

(3) തോട് സംരക്ഷണം, കുളം സംരക്ഷണം, മണ്ണ് സംരക്ഷണം എന്നിവയുടെ ഭാഗമായി നിർമ്മിക്കുന്ന മൺ കയ്യാലകൾ / പാർശ്വഭിത്തി എന്നിവ ഉറപ്പോടുകൂടി നിലനിൽകുന്നതിന് (Stabilisation) സഹായമാകുന്ന ഇനത്തിലുള്ള നടീൽ വസ്തുക്കൾ, 25 കൊല്ലം എങ്കിലും നിലനിൽക്കുന്നതും അഗ്രോ ഫോറസ്ട്രിയിൽ ഏറ്റെടുക്കാവുന്നതുമായ വൃക്ഷ തൈകൾ മാത്രമേ സാധനസാമഗ്രിയായി പരിഗണിച്ച് തൊഴിലുറപ്പ് പദ്ധതിയിൽ ഉപയോഗിക്കാൻ പാടുള്ളു.

(4) . പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ നിലവിലെ ക്വാറം 1/3 ആണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനിയർ, കൃഷി ഓഫീസർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ബ്ലോക്ക്തല എക്സ്റ്റൻഷൻ ഓഫീസർ എന്നീ അംഗങ്ങൾ നിർബന്ധമായും പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ ഹാജരാകേണ്ടതുള്ളതുകൊണ്ട് പ്രസ്തുത അംഗങ്ങളെ ഒഴിച്ചുശേഷിക്കുന്നവരുടെ 1/3 ആയിരിക്കണം കമ്മിറ്റിയുടെ ക്വാറം.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മുകളിൽ പറയുന്ന ഭേദഗതികൾ അംഗീകരിച്ച് ഉത്തരവാകുകയും ചെയ്യുന്നു. പരാമർശം (2) ലെ ഉത്തരവ് മുകളിൽ പ്രസ്താവിച്ച ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),
റ്റി.ജെ.മാത്യു
സെക്രട്ടറി.

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം.
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. എല്ലാ ജില്ലാ കളക്ടർമാർക്കും/ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാർക്കും
5. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി മാർക്കും(ഗ്രാമവികസന കമ്മീഷണർ മുഖേന)
6. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
7. ഡയറക്ടർ, ഐ.കെ.എം. (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
8. കരുതൽ ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

52685_DD2_12